# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:16.06.2025**

### പ്രധാനവാർത്തകൾ

1. ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ നീക്കങ്ങളിൽ സൈപ്രസ് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തതായി പ്രധാനമന്ത്രി നരേന്ദ്രമോദി. സൈപ്രസ് സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി കാനഡയ്ക്ക് തിരിച്ചു.
2. 2027 ലെ ജനസംഖ്യാകണക്കെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.
3. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം നാളെ അവസാനിക്കും. കൊട്ടിക്കലാശം ആവേശകരമാക്കാനൊരുങ്ങി മുന്നണികൾ.
4. സംസ്ഥാനത്ത് കനത്ത മഴയിൽ വ്യാപക കെടുതികൾ. അഞ്ച് വടക്കൻ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
5. അഹമ്മദാബാദ് വിമാനാപകടത്തെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര സർക്കാർ രൂപീകരിച്ച ഉന്നതതല സമിതി ഇന്ന് ആദ്യ യോഗം ചേർന്നു.

&&&&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി -സൈപ്രസ് (ഇൻട്രോ)</u>

ജനാധിപത്യ മൂല്യങ്ങളിൽ അധിഷ്ഠിതമായ അടിയുറച്ച ബന്ധമാണ് ഇന്ത്യയ്ക്കും സൈപ്രസിനുമിടയിലുള്ളതെന്ന് പ്രധാനമന്ത്രി

RNU TVPM

നരേന്ദ്രമോദി. സൈപ്രസ് പ്രസിഡൻറ് നികോസ് ക്രിസ്റ്റോ ഡുലൈഡ്സുമായി നടന്ന കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമങ്ങളെ അഭിസംബോധനചെയ്യുകയായിരുന്നു അദ്ദേഹം. പ്രതിരോധം, സുരക്ഷ, സാങ്കേതികവിദ്യ തുടങ്ങിയ വിഷയങ്ങൾക്ക് പുറമേ ഇന്ത്യ-യൂറോപ്യൻ യൂണിയൻ പങ്കാളിത്തം , ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി എന്നിവയും കൂടിക്കാഴ്ചയിൽ

ചർച്ചയായി. ഭീകരതയ്ക്കെതിരായ നീക്കങ്ങളിൽ ഇന്ത്യയ്ക്ക് സൈപ്രസ് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തതായി പ്രധാനമന്ത്രി പറഞ്ഞു . (ഹോൾഡ് വോയിസ് )

സൈപ്രസിൻറെ പരമോന്നത സിവിലിയൻ ബഹുമതിയായ "ഗ്രാൻഡ് ക്രോസ് ഓഫ് ദി ഓർഡർ ഓഫ് മക്കാരിയോസ് " സൈപ്രസ് പ്രസിഡൻറിൽ നിന്നും ശ്രീ മോദി ഏറ്റുവാങ്ങി. സൈപ്രസ് സന്ദർശനം പൂർത്തിയാക്കി കാനഡയിലേക്ക് തിരിച്ച അദ്ദേഹം ജി 7 ഉച്ചകോടിയിൽ പങ്കെടുക്കും. വിദേശപര്യടനത്തിൻറെ മൂന്നാം പാദത്തിൽ ശ്രീ മോദി ക്രൊയേഷ്യ സന്ദർശിച്ച് ഉന്നത നേതാക്കളുമായി കൂടിക്കാഴ്ച നടത്തും.

RNUTVPM

&&&&&&&&&&&&&&&&&&

## <u>സെൻസെസ്</u>

2027 ലെ ജനസംഖ്യാകണക്കെടുപ്പിനുള്ള ഗസറ്റ് വിജ്ഞാപനം കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചു .ഇതാദ്യമായാണ് രാജ്യത്ത് പൊതു സെൻസെസിനൊപ്പം ജാതി സെൻസെസും നടപ്പാക്കുന്നത്. 2027 മാർച്ച് ഒന്നിനാണ് കണക്കെടുപ്പ് ആരംഭിക്കുക. ജമ്മുകശ്മീർ, ലഡാക്, ഹിമാചൽ, ഉത്തരാഖണ്ഡ്

എന്നിവിടങ്ങളിൽ 2026 ഒക്ടോബർ ഒന്നിന് നടപടിക്രമങ്ങൾ ആരംഭിക്കും.

&&&&&&&&&&&&&&&&&&

**നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് - ഇൻട്രോ**

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം നാളെ അവസാനിക്കും. കൊട്ടിക്കലാശം ആവേശകരമാക്കാനുള്ള തയ്യാറെടുപ്പിലാണ് മുന്നണികൾ. വ്യാഴാഴ്ചയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു**

**(വോയിസ്)**

&&&&&&&&&&&&&&&&&&

**മൊബൈൽ ഫോണിന് വിലക്ക്**

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനെത്തുന്നവർ പോളിങ് ബൂത്തുകളിൽ മൊബൈൽ ഫോണുമായി പ്രവേശിക്കുന്നത് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ വിലക്കി. വോട്ടർമാർ ബൂത്തുകളിൽ മൊബൈൽ ഫോൺ കൊണ്ടുവരാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

**മഴ-ജാഗ്രത**

സംസ്ഥാനത്ത് കനത്ത മഴയും ശക്തമായ കാറ്റും തുടരുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന്

RNU TVPM

ചുവപ്പ് ജാഗ്രത നൽകി. ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയുമാണ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മീൻപിടിത്തം നിരോധിച്ചു. മലയോര മേഖലയിലേക്കുള്ള രാത്രി യാത്രയ്ക്കും വിനോദ സഞ്ചാരത്തിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളതീരത്ത് നാളെ രാത്രിവരെ ശക്തമായ തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. സംസ്ഥാനത്ത് മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം,

&&&&&&&&&&&&&&&&&&

RNU TVPM

## മഴക്കെടുതി

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ മഴക്കെടുതികൾ രൂക്ഷം. കനത്ത മഴയിൽ കണ്ണൂർ ജില്ലയിൽ ഇന്നലെയും ഇന്നുമായി 9 വീടുകൾ ഭാഗികമായി തകർന്നു. കൊട്ടിയൂർ വൈശാഖ ഉത്സവത്തിനെത്തിയ ഒരാൾ പുഴയിൽ അകപ്പെട്ട് കാണാതായെന്ന് സംശയിക്കുന്നു. കഴിഞ്ഞദിവസം ബാവലിപ്പുഴയിൽ കുളിക്കാനിറങ്ങിയ കാഞ്ഞങ്ങാട് സ്വദേശിയെയും കാണാതായിരുന്നു. പാലക്കാട് മണ്ണാർക്കാട് വീടിൻറെ ഭിത്തി തകർന്ന് ദേഹത്ത് വീണ് വയോധിക മരിച്ചു. ഇടുക്കി കൊന്നത്തടി പഞ്ചായത്തിൽ ശക്തമായ കാറ്റിലും മഴയിലും വീടിന് മുകളിലേക്ക് മരം വീണ് മേൽക്കൂര തകർന്നു. കനത്ത മഴയെതുടർന്ന് ആലുവ മണപ്പുറത്തെ ശിവക്ഷേത്രം പൂർണമായി മുങ്ങി. കാസറഗോഡ് കയ്യാർ വില്ലേജിൽ ഏഴു വയസ്സുള്ള കുട്ടി തോട്ടിൽ വീണു മരിച്ചു. ചെർക്കള - ബെവിഞ്ച ഭാഗത്ത് ദേശീയപാത 66ൽ

മണ്ണിടിച്ചിലുണ്ടായി. പ്രദേശത്ത് വാഹന ഗതാഗതം താൽക്കാലികമായി നിരോധിച്ചിരിക്കുകയാണ്. അതിതീവ്ര മഴ തുടരുന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകളും തുറന്നിട്ടുണ്ട്.

&&&&&&&&&&&&&&&&&&

<u>പ്രളയസാധ്യത മുന്നറിയിപ്പ്</u>

കാസർഗോഡ് മഞ്ചേശ്വരം, മൊഗ്രാൽ പുഴകളിൽ പ്രളയ സാധ്യതയെത്തുടർന്ന് റെഡ് അലർട്ട് പ്രഖ്യാപിച്ചു. പെരുമ്പ, ഉപ്പള, നീലേശ്വരം, മണിമല ആറുകളിൽ ഓറഞ്ച് ജാഗ്രതയാണ്. വാമനപുരം, കരമന, പമ്പ, അച്ചൻകോവിൽ, തൊടുപുഴ, മൂവാറ്റുപുഴ ആറുകളിൽ ഉൾപ്പെടെ മഞ്ഞ അലർട്ട് നൽകിയിട്ടുണ്ട്. ഈ നദികളുടെ തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും യാതൊരു കാരണവശാലും നദികളിൽ ഇറങ്ങാൻ പാടില്ലെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

RNU TVPM

&&&&&&&&&&&&&&&&&&

<u>വർക്കലയിൽ കടൽ ക്ഷോഭം</u>

തിരുവനന്തപുരം വർക്കല പാപനാശം കടൽത്തീരത്ത് കടൽ ക്ഷോഭം രൂക്ഷം. കടലാക്രമണം ശക്തമായതിനെത്തുടർന്ന് വിനോദ സഞ്ചരികളെ കടൽതീരത്ത് നിന്ന് മാറ്റി. തീരത്തിൻറെ പകുതിയോളം ഭാഗത്ത് കടൽ കയറി. ശക്തമായ മഴയെത്തുടർന്ന് പാപനാശം കുന്നുകൾ ഇന്നലെ ഇടിഞ്ഞിരുന്നു.

&&&&&&&&&&&&&&&&&&

## അഹമ്മദാബാദ്

അഹമ്മദാബാദ് വിമാനാപകടത്തെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര സർക്കാർ രൂപീകരിച്ച ഉന്നതതല സമിതി ഇന്ന് ആദ്യ യോഗം ചേർന്നു. കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻറെ അധ്യക്ഷതയിലുള്ള സമിതിയിൽ സിവിൽ ഏവിയേഷൻ സെക്രട്ടറി ഉൾപ്പെടെ അംഗങ്ങളാണ്. മൂന്ന് മാസത്തിനുള്ളിൽ സമിതി റിപ്പോർട്ട് സമർപ്പിക്കും. ഭാവിയിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങളും സമിതി തയ്യാറാക്കും.

&&&&&&&&&&&&&&&&&&

## മന്ത്രി വി ശിവൻകുട്ടി

നൈപുണ്യ വികസന പരിപാടികൾക്കായി കേന്ദ്രം സംസ്ഥാനങ്ങൾക്ക് കൂടുതൽ സഹായം അനുവദിക്കണമെന്ന് മന്ത്രി വി ശിവൻകുട്ടി. കേന്ദ്രമന്ത്രി ജയന്ത് ചൗധരിയുടെ അധ്യക്ഷതയിൽ ഹൈദരാബാദിൽ ചേർന്ന ദക്ഷിണേന്ത്യൻ തൊഴിൽ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഇക്കാര്യം ആവശ്യപ്പെട്ട് ശ്രീ ശിവൻകുട്ടി കേന്ദ്രമന്ത്രിക്ക് നിവേദനവും നൽകി.

RNU TVPM

&&&&&&&&&&&&&&&&&&

## ക്ഷേമ പെൻഷൻ വിതരണം

ജൂണിലെ ക്ഷേമ പെൻഷൻ വിതരണം ഈമാസം 20 ന് ആരംഭിക്കുമെന്ന് ധന മന്ത്രി കെ എൻ ബാലഗോപാൽ . 62 ലക്ഷത്തിലധികം 1,600 രൂപയാണ് പ്രതിമാസ പെൻഷനായി ലഭിക്കുക.

&&&&&&&&&&&&&&&&&&

## രാജ് ഭവനു മു ന്നിൽ പ്രതിഷേധം.

ഭാരതാംബയുടെ ചിത്രവുമായി ബന്ധപ്പെട്ട വിവാദത്തിൽ രാജ് ഭവനു മുന്നിൽ എസ്എഫ്ഐയുടെ പ്രതിഷേധം. രാജ്ഭവൻറെ ഉള്ളിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച എസ്എഫ്ഐ പ്രവർത്തകരും പോലീസും തമ്മിൽ സംഘർഷമുണ്ടായി. ഗാന്ധിജിയുടെയും അംബേദ്കറുടെയും ചിത്രങ്ങളുമായെത്തിയ എസ്എഫ്ഐ പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി.

&&&&&&&&&&&&&&&&&&

## അന്താരാഷ്ട്ര യോഗാ

അന്താരാഷ്ട്ര യോഗാദിനാചരണത്തോടനുബന്ധിച്ച് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

തിരുവനന്തപുരം നെട്ടയം ശ്രീ ശാരദ കോളജ് ഓഫ് നഴ്സിങ്ങിൽ നടന്ന പരിപാടിയുടെ ഭാഗമായി യോഗ പരിശീലനം, ബോധവത്ക്കരണ ക്ലാസ്, മാജിക് ഷോ എന്നിവ നടന്നു. സിബിസി അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി അധ്യക്ഷത വഹിച്ചു.

&&&&&&&&&&&&&&&&&&

## സ്വച്ഛ് സർവേക്ഷൻ ഗ്രാമീൺ സർവേ

മാലിന്യ സംസ്ക്കരണത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തുന്നതിനുള്ള സ്വച്ഛ് സർവേക്ഷൻ ഗ്രാമീൺ സർവേയ്ക്ക് നാളെ തുടക്കമാകും. രാജ്യത്ത് തെരഞ്ഞെടുത്ത 21,000 വില്ലേജുകളിലാണ് പരിശോധന. കേരളത്തിൽ 450 വില്ലേജുകളിൽ പരിശോധന നടക്കും. വീടുകൾ, തദ്ദേശഭരണ സ്ഥാപന ഓഫീസുകൾ, സ്കൂളുകൾ, അങ്കണവാടികൾ, പൊതുസ്ഥലങ്ങൾ,

PNU TVPM

മാർക്കറ്റുകൾ, ആരാധനാലയങ്ങൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മാലിന്യസംസ്ക്കരണ സംവിധാനങ്ങളും ശുചിത്വ നിലവാരവും സർവ്വേയുടെ ഭാഗമായി പരിശോധിക്കും.

&&&&&&&&&&&&&&&&&&

## ഡ്രോണുകൾ നിരോധനം

കൊച്ചി രാജ്യാന്തര വിമാനത്താവളത്തിന്റെ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ മൈക്രോലൈറ്റ് എയർക്രാഫ്റ്റ്, എയ്റോ മോഡലുകൾ, പാര ഗ്ലൈഡറുകൾ, ആളില്ലാ വ്യോമ സംവിധാനങ്ങൾ , ഡ്രോണുകൾ, പവർ ഹാൻഡ് ഗ്ലൈഡറുകൾ, ലേസർ രശ്മികൾ, ഹോട്ട് എയർ ബലൂണുകൾ എന്നിവയുടെ ഉപയോഗം നിരോധിച്ച് എറണാകുളം ജില്ലാ കളക്ടർ ഉത്തരവിട്ടു. ഈ ഉപകരണങ്ങളുടെ അനധികൃത ഉപയോഗം വിമാനങ്ങളുടെ സുരക്ഷയ്ക്ക് ഭീഷണിയാണെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് നടപടി.

RNU TVPM

&&&&&&&&&&&&&&&&&&

## ഹിന്ദി സഭ ഗവർണർ

കേരള ഹിന്ദി പ്രചാർ സഭയുടെ ആചാര്യ ബിഎഡ് കോഴ്സിൻറെ ബിരുദ സമർപ്പണ സമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മറ്റന്നാൾ ഉദ്ഘാടനം ചെയ്യും. വഴുതക്കാട് നടക്കുന്ന ചടങ്ങിന് കേരള സർവകലാശാല വൈസ് ചാൻസലർ മോഹനൻ കുന്നുമ്മൽ അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&&&

## ദമ്പതിമാരുടെ ആത്മഹത്യ

തിരുവനന്തപുരം കരമനയിൽ ദമ്പതിമാർ ആത്മഹത്യ ചെയ്ത സംഭവത്തിൽ എസ് ബി ഐ വഞ്ചിയൂർ ബ്രാഞ്ചിനു മുന്നിൽ വി എസ് ഡി പി യുടെ നേതൃത്വത്തിൽ പ്രതിഷേധം.ആത്മഹത്യയ്ക്ക് കാരണം ബാങ്ക് ആണെന്ന് ആരോപിച്ചായിരുന്നു ദമ്പതിമാരുടെ മൃതദേഹങ്ങളുമായെത്തി പ്രതിഷേധിച്ചത്. കനത്ത സാമ്പത്തിക ബാധ്യതയാണ് സതീഷ്, ബിന്ദു ദമ്പതിമാരുടെ ആത്മഹത്യയ്ക്ക് കാരണമെന്നാണ് പൊലീസിൻറെ കണ്ടെത്തൽ.

&&&&&&&&&&&&&&&&&&

## അരിവാൾകോശ രോഗം- ക്യാമ്പയിൻ

സിക്കിൾസെൽ രോഗത്തിനെപ്പറ്റിയുള്ള അവബോധം ശക്തിപ്പെടുത്തുന്നതിനായി 'അറിയാം അകറ്റാം അരിവാൾകോശ രോഗം' എന്ന പേരിൽ ഒരുവർഷം നീളുന്ന പ്രത്യേക ക്യാമ്പെയിൻ സംസ്ഥാനത്ത് സംഘടിപ്പിക്കുന്നു. ആരോഗ്യ വകുപ്പും ഗോത്രവർഗ്ഗ വകുപ്പും ചേർന്ന് സംഘടിപ്പിക്കുന്ന ക്യാമ്പെയിൻറെ ലോഗോ പ്രകാശനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു.

PNU TVPM

&&&&&&&&&&&&&&&&&&

## ആശ്വാസകിരണം പദ്ധതി

കേരള സാമൂഹ്യ സുരക്ഷാ മിഷൻറെ ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കൾക്ക് തുടർധനസഹായം ലഭിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. നിശ്ചിത മാതൃകയിലുള്ള ലൈഫ് സർട്ടിഫിക്കറ്റ് ഇതിനായി ഹാജരാക്കേണ്ടതാണ്.അടുത്ത മാസം 15 നകം അപേക്ഷ സമർപ്പിക്കണം . ഈ വർഷം മാർച്ച് 31 ന് ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവർക്ക് ഇത് ബാധകമല്ല.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&